


# വിശ്വമഹാഗ്രന്ഥങ്ങൾ 1

ഒരു സംഘം ലേഖകർ

വിശ്വസാഹിത്യ വിജ്ഞാനം
നേടാൻ വിദ്യാർഥികളെയും
മറ്റു വായനക്കാരെയും
പ്രാപ്തരാക്കുന്ന പൗരസ്ത്യവും
പാശ്ചാത്യവുമായ ക്ലാസ്സിക്
കൃതികൾ അടങ്ങുന്ന
ഗ്രന്ഥപരമ്പരയുടെ
ഒന്നാം ഭാഗം.


സിൽ: 4598
വില : ₹250
ISBN : 978-81-200-4598-9

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം
സാംസ്കാരികവകുപ്പ്
കേരള സർക്കാർ

1

വിശ്വമഹാഗ്രന്ഥങ്ങൾ

1



# വിശ്വമഹാ ഗ്രന്ഥങ്ങൾ

2051

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2051 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*
**VISWAMAHAGRANDHANGAL**
**(World Classics - Vol. I)**

*by*
**A Group of Authors**

| | |
|---|---|
| First Published | : Feb. 1976 |
| Second Edition | : Nov. 1982 |
| Third Edition | : Mar. 1988 |
| Fourth Edition | : Jan. 1991 |
| Fifth Edition | : Sep. 1997 |
| Sixth Edition | : Jun. 2019 |

*Typeset at*
Beyond Publishers, Law College Jn.,
Thiruvananthapuram - 35

*Printed at*
Vijnanamudranam Press
Nalanda, Thiruvananthapuram - 695 003

*Published by*
The State Institute of Languages, Kerala,
Thiruvananthapuram - 695 003

© The State Institute of Languages, Kerala 1976

Copies : 500

SIL/ 4598 ISBN 978-81-200-4598-9

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in Regional Languages, at the University level of the Government of India, Ministry of Human Resource Development, New Delhi.

**Price : Rs. 250/-**

# വിശ്വമഹാഗ്രന്ഥങ്ങൾ

## ഒന്നാം ഭാഗം

(ആറാം പതിപ്പ്)

**ഒരു സംഘം ലേഖകർ**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ. വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | ശ്രീകല ചിങ്ങോലി |
| കവർ | : | ബിയോണ്ട് പബ്ലിഷേഴ്സ് |
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | Sreekala Chingoli |
| Cover | : | Beyond publishers |


# ആമുഖം

വിശ്വസാഹിത്യത്തിലെ അനശ്വരങ്ങളായ ക്ലാസിക് കൃതികൾ സാധാരണക്കാർക്ക് പരിചയപ്പെടുത്തിക്കൊടുക്കാനുള്ള മഹത്തായ ഒരു പ്രയത്നത്തിന്റെ പ്രതിഫലനമാണ് 'വിശ്വമഹാഗ്രന്ഥങ്ങൾ' എന്ന ഗ്രന്ഥ പരമ്പര. നൂറോളം പ്രസിദ്ധങ്ങളായ വിശ്വസാഹിത്യകൃതികളാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. നാം വായിച്ചിരിക്കാനിടയില്ലാത്തതും പൂർണമായി വായിക്കാൻ കഴിയാത്തതും വായിക്കാൻ അതിയായി ആഗ്രഹിച്ചിരുന്നതുമായ കൃതികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന വസ്തുത സഹൃദയരായ വായനക്കാർക്ക് തികച്ചും സന്തോഷപ്രദമായ ഒരു വാർത്തയായിരിക്കുമെന്ന് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ഉറപ്പുണ്ട്. ഏറ്റവും അധികം ആവശ്യക്കാരുള്ള, ഏറ്റവും ജനപ്രീതി പിടിച്ചുപറ്റിയ ഈ പുസ്തക പരമ്പര നമ്മുടെ വായനാലോകത്തെ ഒരു പ്രത്യേകാനുഭവം തന്നെയായിരിക്കും.

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക ഡയറക്ടറും ബഹുമുഖ പ്രതിഭയുമായിരുന്ന എം.വി. കൃഷ്ണവാര്യരുടെ നേതൃത്വത്തിലുള്ള ഒരു കൂട്ടം ഭാഷാവിദഗ്ദ്ധരാണ് ഈ ഗ്രന്ഥപരമ്പരയിലേക്കുള്ള ക്ലാസിക് കൃതികൾ തെരഞ്ഞെടുത്തത്.

സഹൃദയരായ വായനക്കാരെ ഹഠാദാകർഷിച്ച ഈ പ്രയത്നത്തിന് അനുവാചകർ വളരെ ആവേശപൂർണ്ണമായ സ്വീകരണമാണ് നൽകിയത്. നൂറു ക്ലാസ്സിക്കുകളുടെ മലയാളാവിഷ്ക്കാരം എന്ന ഈ ലക്ഷ്യത്തിൽ എഴുപത്തിനാലോളം മഹദ്കൃതികളേ ഉൾപ്പെട്ടിട്ടുള്ളൂ. ബാക്കിയുള്ളവയും താമസംവിനാ ഈ പദ്ധതിയിലൂടെ പ്രകാശമാനമാവുകതന്നെ ചെയ്യും.

മുൻപതിപ്പുകൾക്ക് മാന്യവായനക്കാർ നൽകിയ സ്നേഹോഷ്മളമായ സ്വീകരണത്തെ കണക്കിലെടുത്തുകൊണ്ട് വിശ്വമഹാഗ്രന്ഥങ്ങൾ എന്ന പരമ്പരയുടെ ഒന്നാം ഭാഗത്തിന്റെ അഞ്ചാമത്തെ പതിപ്പും സന്തോഷപൂർവ്വം പുനഃപ്രകാശനം ചെയ്യുന്നു.

| | |
|---|---|
| നാളന്ദ | പ്രൊഫ. വി. കാർത്തികേയൻ നായർ |
| 2019 ജൂൺ | ശ്രീകല ചിങ്ങോലി |

ആധുനികവിജ്ഞാനത്തിന്റെ വിവിധ മേഖലകളിൽ സർവകലാശാലാ നിലവാരത്തിലുള്ള ഉത്തമഗ്രന്ഥങ്ങൾ മലയാളത്തിൽ നിർമിക്കുകയെന്ന യത്നത്തിൽ ഏർപ്പെട്ടിരിക്കുകയാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. കേന്ദ്ര-കേരള ഗവൺമെന്റുകളുടെ ധനസഹായമാണ് ഈ യത്നത്തിന്റെ പിന്നിലുള്ള പ്രചോദകശക്തി.

ഈ ഗ്രന്ഥത്തിന്റെ നിർമിതിയിൽ വന്നുപോയിരിക്കാവുന്ന പാകപ്പിഴകൾ ചൂണ്ടിക്കാട്ടുന്നവരോടും പുതിയ നിർദേശങ്ങൾ നൽകുന്നവരോടും ഞങ്ങൾ കൃതജ്ഞരായിരിക്കും.

തിരുവനന്തപുരം
ഫെബ്രുവരി 1976

**ഡോ.എ.എൻ.പി. ഉമ്മർകുട്ടി**
**പുനലൂർ ബാലൻ**

# ഉള്ളടക്കം

| | | |
|---|---|---|
| 1. | ആദികാവ്യം<br>*സിദ്ധിനാഥാനന്ദസ്വാമി* | 1 |
| 2. | മഹാഭാരതം<br>*സ്വാമി സഖ്യാനന്ദ* | 34 |
| 3. | ഇലിയഡ്<br>*പ്രൊഫ. പി.ജി. പുരുഷോത്തമൻ പിള്ള* | 82 |
| 4. | ഒഡീസി<br>*പ്രൊഫ. പി.ജി. പുരുഷോത്തമൻ പിള്ള* | 95 |
| 5. | ബന്ധനസ്ഥനായ പ്രൊമിത്യൂസ്<br>*എ. മാധവൻ* | 113 |
| 6. | ഈഡിപ്പസ് നാടകത്രയം<br>*എ. മാധവൻ* | 126 |
| 7. | ഈനിഡ്<br>*ഡോ. ധർമരാജ് അടാട്ട്* | 162 |
| 8. | കാദംബരി<br>*ഡോ. പി.വി. രാമൻകുട്ടി* | 193 |
| 9. | കുമാരസംഭവം<br>*എ. മാധവൻ* | 212 |
| 10. | അഭിജ്ഞാനശാകുന്തളം<br>*എൻ.കെ. ദാമോദരൻ* | 232 |
| 11. | ചിലപ്പതികാരം<br>*എം. പരമേശ്വരൻ* | 244 |

12. മൃച്ഛകടികം
*ഡോ. ധർമരാജ് അടാട്ട്* 263

13. തീർഥാടകയാത്ര
*കെ. ശങ്കരൻ നമ്പൂതിരി* 287

14. ഓസ് ലൂസിയാദസ്
*വെന്നി വാസുപിള്ള* 302

15. ഡോൺ ക്വിക്സോട്ട്
*ടി.ആർ. രാമൻനമ്പൂതിരി* 322

16. ഡിവൈൻ കോമഡി
*പ്രൊഫ. പി.ജി. പുരുഷോത്തമൻപിള്ള* 339

17. പറുദീസാനഷ്ടം
*വിഷ്ണുനാരായണൻ നമ്പൂതിരി* 358

18. ഗളിവറുടെ സഞ്ചാരകഥകൾ
*ശങ്കരൻനമ്പൂതിരി* 372

19. ഷാഹ്നാമ
*പോക്കർ കടലുണ്ടി* 387

20. ഗുലിസ്താൻ
*പോക്കർ കടലുണ്ടി* 411


# 1

## വാല്മീകി

# ആദികാവ്യം

***സിദ്ധിനാഥാനന്ദസ്വാമി***

*വേദവേദ്യേ പരേ പുംസി ജാതേ ദശരഥാത്മജേ*
*വേദഃ പ്രാചേതസാദാസീത് സാക്ഷാദ് രാമായണാത്മനാ*

ഭാരതസംസ്കാരത്തിന്റെ മുഖ്യസ്രോതസുകളിൽ ഒന്നത്രേ വാല്മീകിരാമായണം. മഹാഭാരതം, രാമായണം, ഭാഗവതം ഇവ ഭാരതീയരുടെ അധ്യാത്മത്രിവേണിയാണ്. വേദങ്ങളാകുന്ന തുഷാരഗിരിയിൽ നിന്നു പുറപ്പെടുന്ന ഭാഗീരഥിയും കാളിന്ദിയും സരസ്വതിയുമാണവ. അവയില്ലാത്ത ഭാരതം സാംസ്കാരികമായി ഒരു ഊഷരഭൂമിയായിമാറും. അമരവാണിയെയും പ്രാദേശികഭാഷകളെയും സുന്ദരങ്ങളും സമ്പന്നങ്ങളും നിത്യനൂതനങ്ങളും പുഷ്കലങ്ങളുമാക്കിത്തീർക്കുന്നത് അവയാണ്. കൈരളിയിൽ ഈ കൃതികൾ ഇല്ലായിരുന്നുവെങ്കിൽ എത്ര ദരിദ്രവും ദയനീയവുമായിരുന്നേനെ കൈരളിയുടെ സ്ഥിതി. എല്ലാ ഭാരതീയ ഭാഷകളുടെയും സ്ഥിതി ഇതുതന്നെയാകുന്നു. സംഗീതം, സാഹിത്യം, ചിത്രകല, ശിൽപ്പകല, നടനകല എന്നിങ്ങനെ ജീവിതത്തെ ശോഭനങ്ങളും സുന്ദരങ്ങളുമാക്കുന്ന കലകൾക്കെല്ലാം ഈ സാരസ്വതങ്ങൾ പ്രചോദനമരുളുന്നു. ഇതിഹാസപുരാണങ്ങൾ എന്നാണ് ഇവയ്ക്ക് പൊതുവേ പേര്. ഇതിഹാസം എന്നാൽ ചരിത്രം; പുരാണം, പുരാതനചരിതങ്ങളും കഥകളും. വൈദികാശയങ്ങളെ കഥാകഥനങ്ങളിൽക്കൂടി ലളിതമായി പ്രതിപാദിക്കാൻ പൂർവകവികൾ കണ്ടുപിടിച്ച സാഹിത്യസരണിയാണ് ഇതിഹാസപുരാണങ്ങൾ. അവ അന്നത്തെ പുരോഗമനസാഹിത്യമാണ്. ഗഹനങ്ങളായ വൈദികതത്വങ്ങളെ സാമാന്യജനങ്ങൾക്ക് സുലഭങ്ങളാ